സസ്യ സംരക്ഷണ മൊബൈൽ സ്ക്വാഡുകൾ

584 [842] ശ്രീ. എ.എൻ. യൂസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കൃഷി വകുപ്പിൽ സസ്യസംരക്ഷണ പ്രവർത്തനത്തിനായി സസ്യ സംരക്ഷണ മൊബൈൽ സ്ക്വാഡുകൾ സ്ഥാപിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ എവിടെയെല്ലാമാണുള്ളത്;

(സി) ഓരോ മൊബൈൽ സ്ക്വാഡിലും എത്ര സ്പ്രെയർ വീതമാണുള്ളത്;

(ഡി) ഓരോ യൂണിറ്റിലും നിലവിലുള്ള സ്പ്രെയറുകളിൽ എത്ര വീതം പ്രവർത്തനയോഗ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) എല്ലാ മൊബൈൽ യൂണിറ്റിലും സ്വന്തമായി വാഹനം ലഭിച്ചിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കിൽ വാഹനം ലഭിക്കാത്ത യൂണിറ്റ് ഏതാണ്;

(ജി) ഈ മൊബൈൽ സ്ക്വാഡിന് പോസ്റ്റ് സാങ്ഷൻ ലഭിക്കാത്തതു കാരണം ഇതിനോട് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെ നിയമിച്ചിട്ടില്ല എന്നു പറയുന്നത് വാസ്തവമാണോ;

(എച്ച്) ആണെങ്കിൽ നൽകാതിരിക്കാൻ കാരണമെന്ത്;

(ഐ) പോസ്റ്റ് സാങ്ഷൻ നൽകാൻ ചുരുങ്ങിയ കാലാവധി വല്ലതും നിശ്ചയിച്ചിട്ടുണ്ടോ?

ഉത്തരം

(എ) കേരളത്തിലെ കൃഷി വകുപ്പിൽ സസ്യ സംരക്ഷണ പ്രവർത്തനത്തിനായി സസ്യസംരക്ഷണ എമർജൻസി മൊബൈൽ സ്ക്വാഡുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) ദക്ഷിണ മേഖലയ്ക്കുവേണ്ടി ഒന്ന് തിരുവനന്തപുരത്തും ഉത്തരമേഖലയ്ക്കുവേണ്ടി മറ്റൊന്ന് കോഴിക്കോടുമാണുള്ളത്. കോഴിക്കോടുള്ള യൂണിറ്റിന്റെ ഒരുഭാഗം (100 സ്പ്രെയർ) മലമ്പുഴ കേന്ദ്രമാക്കി പ്രവർത്തിക്കുന്നു.

(സി) ഓരോ മൊബൈൽ സ്ക്വാഡിനും 200 പവ്വർ സ്പ്രെയർ വീതമാണുള്ളത്;

(ഡി) ഓരോ യൂണിറ്റിലും എല്ലാ സ്പ്രെയറും പ്രവർത്തനയോഗ്യമാണ്.

(ഇ) ഉണ്ട്.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

(ജി) ഇതിലേക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെ നിയമിച്ചിട്ടുണ്ട്. പോസ്റ്റ് സാങ്ഷൻ ലഭിക്കാത്തതായി ഒന്നുമില്ല.

(എച്ച്) ചോദ്യം ഉദിക്കുന്നില്ല.

(ഐ) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly